2026
AUGUST
01
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## യുകെയിലെ എബി പോർട്സിന്റെ
# ഭൂരിപക്ഷം ഓഹരികളും സ്വന്തമാക്കാൻ അദാനി

**മുംബൈ:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ തുറമുഖ ഓപ്പറേറ്ററായ ഗൗതം അദാനിയുടെ നേതൃത്വത്തിലുള്ള അദാനി പോർട്ട്സ് ആൻഡ് സ്പെഷൽ ഇക്കണോമിക് സോൺ യുകെയിലെ ഏറ്റവും വലിയ തുറമുഖ ഓപ്പറേറ്ററായ അസോസിയേറ്റഡ് ബ്രിട്ടീഷ് പോർട്ട്സിന്റെ ഭൂരിഭാഗം ഓഹരികൾ ഏറ്റെടുക്കാൻ ഒരുങ്ങുന്നതായി റിപ്പോർട്ടുകൾ.

1000 കോടി പൗണ്ടിലധികം (10 ബില്യൺ പൗണ്ട്) മൂല്യം പ്രതീക്ഷിക്കുന്നതാണ് ഈ ഇടപാട്. കരാർ പൂർത്തിയായാൽ, ഇത് അദാനി ഗ്രൂപ്പിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വിദേശ ഏറ്റെടുക്കലായി മാറും. കനേഡിയൻ പെൻഷൻ ഫണ്ടുകളുടെ കൈയിലുള്ള എബിപിയുടെ 63.9 % ഓഹരികളാണ് അദാനി പോർട്സ് സ്വന്തമാക്കാൻ ലക്ഷ്യമിടുന്നത്. ഇംഗ്ലണ്ട്, സ്കോട്ട്ലൻഡ്, വെയിൽസ് എന്നിവിടങ്ങളിലായി 21 തുറമുഖങ്ങളാണ് എബിപി നിയന്ത്രിക്കുന്നത്. ഇതിൽ യുകെയിലെ ഏറ്റവും വലിയ തുറമുഖമായ ഇമ്മിംഗ്ഹാമും, പ്രതിവർഷം 40 ബില്യൺ പൗണ്ടിന്റെ കയറ്റുമതി കൈകാര്യം ചെയ്യുന്ന പ്രമുഖ തുറമുഖമായ സൗതാംപ്ടണും ഉൾപ്പെടുന്നു എന്നത് ഈ നീക്കത്തിന്റെ പ്രാധാന്യം വർ?ധിപ്പിക്കുന്നു. കമ്പനി നിയന്ത്രിക്കുന്ന തുറമുഖങ്ങൾ രാജ്യത്തെ മൊത്തം സമുദ്രവ്യാപാരത്തിന്റെ നാലിലൊന്നാണ് (25 %)കൈകാര്യം ചെയ്യുന്നത്. നിലവിൽ ഇസ്രയേൽ, ശ്രീലങ്ക, ടാൻസാനിയ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ അദാനി പോർട്സിന് സാന്നിധ്യമുണ്ട്. യുകെയിലേക്കുകൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതു വഴി 2031ഓടെ ലോകത്തിലെ തന്നെ ഏറ്റവും വലിയ ഗതാഗതലോജിസ്റ്റിക്സ് കമ്പനിയാകുക എന്ന ലക്ഷ്യത്തിലേക്കെത്താൻ അദാനി ഗ്രൂപ്പിന് സാധിക്കും.

ചർച്ചകൾ പ്രാഥമിക ഘട്ടത്തിലാണെന്നും ഔദ്യോഗികമായി ഓഫർ നൽകുന്ന കാര്യം കമ്പനി സ്ഥിരീകരിച്ചിട്ടില്ലെന്നും റിപ്പോർട്ടുകളിൽ വ്യക്തമാക്കുന്നുണ്ട്.

## ഓഹരി വിപണി ക്ലോസിംഗിൽ വൻ മാറ്റം; എഫ് ആൻഡ് ഒ ഓഹരികൾക്ക് ഓഗസ്റ്റ് മൂന്നു മുതൽ ക്ലോസിംഗ് ഓക്ഷൻ സെഷൻ




**മുംബൈ:** മാർക്കറ്റ് റെഗുലേറ്ററായ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) ഫ്യൂച്ചേഴ്സ് ആൻഡ് ഓപ്ഷൻസ് വിഭാഗത്തിൽ ട്രേഡ് ചെയ്യുന്ന ഓഹരികൾക്കായി ക്ലോസിംഗ് ഓക്ഷൻ സെഷൻ എന്ന പുതിയ സംവിധാനം സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ അവതരിപ്പിക്കും.

ഓഗസ്റ്റ് മൂന്നു മുതൽ 20 മിനിറ്റ് ദൈർഘ്യമുള്ള ഇഅട നടപ്പിലാകും. ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ച്, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് തുടങ്ങിയ ആഗോള വിപണികളിൽ നിലവിലുള്ള മാതൃകയാണിത്. നിലവിലുള്ള വോളിയം വെയ്റ്റഡ് ആവറേജ് പ്രൈസ് രീതിക്കു പകരമായയാണ് ഇത് കൊണ്ടുവരുന്നത്.

ക്ലോസിംഗ് ഓക്ഷൻ സെഷൻ എന്നത് ഓഹരികളുടെ അവസാന വില നിശ്ചയിക്കുന്നതിനായി ഉച്ചകഴിഞ്ഞ് 3.15നും 3.35നും ഇടയിൽ നടത്തുന്ന 20 മിനിറ്റ് ദൈർഘ്യമുള്ള സെഷനാണ്.

നിലവിൽ, ഒരു വ്യാപാരദിനത്തിലെ അവസാന 30 മിനിറ്റിൽ നടക്കുന്ന ഇടപാടുകളുടെ ശരാശരി വിലയെ അടിസ്ഥാനമാക്കിയാണ് ഓഹരികളുടെ ആ ദിവസത്തെ ക്ലോസിംഗ് വില നിശ്ചയിക്കുന്നത്.

പുതിയ രീതി അനുസരിച്ച്, ഈ സെഷനിലെ വാങ്ങൽ, വില്പന ഓർഡറുകൾ ഒത്തുനോക്കി സമതുലിത വില എന്ന് വിളിക്കപ്പെടുന്ന ഒറ്റ ക്ലോസിംഗ് വിലയിൽ വ്യാപാരം പൂർത്തിയാക്കും.

## ഓണക്കോടികളുടെ വൈവിധ്യമാർന്ന ശേഖരവുമായി വസ്ത്രവിപണി

**കോട്ടയം:** ഓണം എത്താൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ ഓണക്കോടികളുടെ വൈവിധ്യമാർന്ന ശേഖരവുമായി വസ്ത്രവിപണി സജീവമായിത്തുടങ്ങി. പരമ്പരാഗത കസവ് വസ്ത്രങ്ങൾക്കൊപ്പം പുതുതലമുറയുടെ ഫാഷൻ അഭിരുചികൾക്ക് അനുയോജ്യമായ ഒട്ടേറെ പുതിയ ഡിസൈനുകളും കളക്ഷനുകളുമാണ് ഇത്തവണ വിപണിയിലെത്തിയിരിക്കുന്നത്.

സ്ത്രീകൾക്കായി പട്ടിൽ തീർത്ത മനോഹരമായ സാരികൾ, മൽമൽ ടിഷ്യു സാരികൾ, ഓർഗൻസ സാരികൾ, കസവ് സാരികൾ, ഫ്യൂഷൻ സാരികൾ തുടങ്ങി വ്യത്യസ്ത ടെക്സ്ചറുകളിലും ഡിസൈനുകളിലുമുള്ള പുതിയ കളക്ഷനുകൾ ശ്രദ്ധ നേടുന്നു. ഭാരം കുറഞ്ഞതും ശരീരത്തിന് സുഖകരമായി ധരിക്കാവുന്നതുമായ മൽമൽ ടിഷ്യു സാരികൾക്ക് യുവതികൾക്കിടയിൽ പ്രത്യേക സ്വീകാര്യതയാണുള്ളത്. പട്ടിന്റെ സ്വാഭാവിക തിളക്കവും മൽമൽ ടിഷ്യുവിന്റെ മൃദുലതയും ചേർന്ന സാരികൾ ആഘോഷവേളകളിൽ പ്രൗഢിയേറ്റുന്നു. സൂക്ഷ്മമായ സിൽവർ സരി, മിനിമൽ ഡിസൈനുകൾ, ഫ്ലോറൽ മോട്ടിഫുകൾ, ജ്യാമിതീയ പാറ്റേണുകൾ എന്നിവയും പുതിയ ശേഖരങ്ങളിൽ ഇടംപിടിച്ചിട്ടുണ്ട്.

മൽമൽ നെയ്ത്തിന്റെ പാരമ്പര്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ആധുനിക ടിഷ്യു നെയ്ത്തിന്റെ തിളക്കവും മൃദുലതയും സമന്വയിപ്പിച്ച മൽമൽ ടിഷ്യു സാരികളും ഇത്തവണത്തെ ഓണക്കാല ഫാഷനിൽ ശ്രദ്ധ നേടുകയാണ്. ഭാരക്കുറവും മൃദുസ്പർശവും മനോഹാരിതയും ഒത്തിണങ്ങിയ ഇവ ദീർഘനേരം ധരിക്കാനും സൗകര്യപ്രദമാണ്. പരമ്പരാഗത മൽമൽ നെയ്ത്തിന് രാജ്യത്ത്ചരിത്രപരമായ പാരമ്പര്യമാണുള്ളത്. മൽമൽ ടിഷ്യു ശൈലിയിലുള്ള വസ്ത്രങ്ങൾ ആധുനിക ടെക്സ്റ്റൈൽ വിപണിയിൽ പുതിയ രൂപത്തിലും ഡിസൈനുകളിലും വ്യാപകമാണ്.

പുരുഷന്മാർക്കായി പരമ്പരാഗത കസവ് മുണ്ടുകൾക്കും ഇളം നിറങ്ങളിലുള്ള ഷർട്ടുകൾക്കുമൊപ്പം ലിനൻ ഷർട്ടുകൾ, കോട്ടൺ ഷർട്ടുകൾ, കസവ് ബോർഡറുള്ള മുണ്ടുകൾ, കുർത്തമുണ്ട് കോമ്പിനേഷനുകൾ എന്നിവയും പുതിയ കളക്ഷനുകളിൽ ഉൾപ്പെടുന്നു. ഓണാഘോഷങ്ങൾക്ക് പാരമ്പര്യത്തിന്റെ തനിമ നിലനിർത്തിക്കൊണ്ട് മോഡേൺ ലുക്ക് നൽകുന്ന ഫ്യൂഷൻ വെയറുകൾക്കും ആവശ്യക്കാരേറെയാണ്. യുവാക്കൾക്കായി പാസ്റ്റൽ ഷേഡുകളിലും എർത്ത് ടോണുകളിലുമുള്ള ഷർട്ടുകളും കുർത്തകളും ട്രെൻഡായി മാറുകയാണ്.സാരികൾ, സെറ്റ് സാരി, സെറ്റ് മുണ്ട്, പട്ടുപാവാട, ചുരിദാർ, ഫ്യൂഷൻ വെയർ തുടങ്ങി കുടുംബത്തിലെ ഓരോരുത്തർക്കും അനുയോജ്യമായ ഓണക്കോടികളാണ് ഇത്തവണ വസ്ത്രശാലകളിൽ ഒരുങ്ങുന്നത്.






# ഉജ്ജ്വല ബാല്യം പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ ടി മേഖല, കൃഷി, മാലിന്യം സംസ്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ്, ശില്പനിർമ്മാണം, അസാമാന്യ ധൈര്യത്തിലൂടെ നടത്തിയ പ്രവർത്തനം എന്നീ മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന ആറുവയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കു നൽകുന്ന ഉജ്ജ്വലബാല്യം പുരസ്കാരത്തിന് എറണാകുളം ജില്ലയിൽ താമസിക്കുന്നവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. ഒരു ജില്ലയിൽ നാലു പേർക്കാണ് പുരസ്കാരം നൽകുക.

അനിതരസാധാരണമായ കഴിവുകൾ പ്രകടിപ്പിച്ച കുട്ടികളെയാണ് ഉജ്ജ്വലബാല്യം പുരസ്കാരത്തിനായി തെരഞ്ഞെടുക്കുന്നത്. ഉജ്ജ്വല ബാല്യം പുരസ്കാരത്തിനായി കുട്ടികളെ 6 11 വയസ്സ്, 1218 വയസ്സ് എന്നീ രണ്ട് വിഭാ ഗങ്ങളിലായി തരം തിരിച്ച് ഓരോ വിഭാഗത്തിലേയും ഓരോ കുട്ടിക്ക് പുരസ്കാരവും സർട്ടിഫിക്കറ്റും 25000 രൂപ വീതവും നൽകും. ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളെ പ്രത്യേക വിഭാഗമായി പരിഗണിക്കുകയും പ്രായത്തിന്റെ അടിസ്ഥാനത്തിൽ 611 വയസ്സ്, 1218 വയസ്സ് എന്നീ രണ്ട് വിഭാഗങ്ങളിലായി തരം തിരിച്ച് ഓരോ വിഭാഗത്തിലെയും ഓരോ കുട്ടിക്ക് പുരസ്കാരവും സർട്ടിഫിക്കറ്റും 25000 രൂപ വീതവും നൽകും.

2025 ജനുവരി ഒന്നുമുതൽ 2025 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രാഗത്ഭ്യം തെളിയിച്ച കുട്ടികളെയാണ് അവാർഡിന് പരിഗണിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടു ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ, പ്രശസ്തി പത്രങ്ങൾ, കുട്ടിയുടെ പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകമുണ്ടെങ്കിൽ അതിന്റെ പകർപ്പ്, കലാപ്രകടനങ്ങൾ ഉൾക്കൊള്ളുന്ന സി.ഡി, പെൻഡ്രൈവ്, പത്രക്കുറിപ്പുകൾ എന്നിവ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.

പ്രധാൻ മന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ കരസ്ഥമാക്കിയ കട്ടികളെ അവാർഡിന് പരിഗണിക്കുന്നതല്ല. ഒരു തവണ ഉജ്ജ്വബാല്യം പുരസ്കാരം കിട്ടിയ കുട്ടിയെ പരിഗണിക്കുന്നതല്ല.

അപേക്ഷ ഫോറം ാാ.ഠഭറ.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ 2026 സെപ്റ്റംബർ 10 തീയതി വൈകിട്ട് അഞ്ചു മണിക്കകം എറണാകുളം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ ലഭ്യമാക്കണം. അപേക്ഷകൾ അയക്കേണ്ട വിലാസം: ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, താഴത്തെ നില, എ3 ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, കാക്കനാട് 682030 ഫോൺ നമ്പർ 0484 2959177.




# കുസാറ്റിൽ ഫ്ളാഷ് മോബ്

**കൊച്ചി:** മസ്തിഷ്കാരോഗ്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സെപ്റ്റംബറിൽ നടക്കുന്ന ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ട്രാൻസ്ലേഷണൽ ന്യൂറോസയൻസ്: ബ്രെയിൻ ടു ബിഹേവിയർ ന് പ്രചാരണം നൽകുന്നതിനുമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സെന്റർ ഫോർ ന്യൂറോസയൻസിന്റെ നേതൃത്വത്തിൽ ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. കുസാറ്റിലെ അമിനിറ്റി സെന്ററിന് സമീപം നടന്ന പരിപാടിയിൽ കുസാറ്റ് വിദ്യാർത്ഥികളുടെ നൃത്തസംഘമായ ക്രെസൻഡോ അവതരിപ്പിച്ചു.

ആരോഗ്യമുള്ള മസ്തിഷ്കം, ആരോഗ്യമുള്ള സമൂഹം എന്ന സന്ദേശം ഉയർത്തിപ്പിടിച്ച ഫ്ളാഷ് മോബ്, പ്രത്യേകിച്ച് യുവാക്കൾ ആരോഗ്യകരമായ ജീവിതശൈലി പിന്തുടരണമെന്നും മസ്തിഷ്കാരോഗ്യത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകണമെന്നും ആഹ്വാനം ചെയ്തു.

സെപ്റ്റംബർ 14 മുതൽ 16 വരെ നടക്കുന്ന 2026ൽ ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമുള്ള പ്രമുഖ ന്യൂറോ സയന്റിസ്റ്റുകൾ, ക്ലിനീഷ്യൻമാർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുക്കും. ചകങ്ങഒഅചട, കകടര ബെംഗളൂരു എന്നിവയുടെ സഹകരണത്തോടെ പബ്ലിക് ബ്രെയിൻ സിമ്പോസിയവും ഇന്ററാക്ടീവ് ബ്രെയിൻ എക്സിബിഷനും സമ്മേളനത്തിന്റെ ഭാഗമായി നടക്കും. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സംസ്ഥാനതല ബ്രെയിൻ അവയർനെസ് മത്സരവും സംഘടിപ്പിക്കും.

## സെക്യൂരിറ്റി ഗാർഡ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (കുസാറ്റ്) കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡ് ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. പത്താം ക്ലാസ്/ തത്തുല്യ യോഗ്യതയോടുകൂടി സൈന്യം/സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ്/ ബോർഡർ സെക്യൂരിറ്റി ഫോഴ്സ്/ സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്/ ഇന്തോടിബറ്റൻ ബോർഡർ പോലീസ്/ സശസ്ത്ര സീമാബൽ തുടങ്ങി സൈനിക/ അർദ്ധസൈനിക വിഭാഗങ്ങളിൽ 5 വർഷത്തെ സേവന പരിചയമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് 24ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപ്ലോഡ് ചെയ്ത ഒപ്പിട്ട അപേക്ഷയുടെ കോപ്പിയും, വയസ്, യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ കോപ്പിയും രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22 എന്ന വിലാസത്തിലേക്ക് ആഗസ്റ്റ് 31ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം. കൂടുതൽ വിവരങ്ങൾക്ക് https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫിസിക്സ് വകുപ്പിൽ ഗസ്റ്റ് ലെക്ച്ചറർ ഒഴിവിലേക്ക് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. ഫിസിക്സിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. പിഎച്ച്ഡി/നെറ്റ് യോഗ്യത അഭികാമ്യം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റയും, വയസ്, യോഗ്യത എന്നിവ തെളിയിക്കുന്നതിന് ഒറിജിനലും കോപ്പിയും സഹിതം ആഗസ്റ്റ് 7ന് രാവിലെ 9:30ന് ഫിസിക്സ് വകുപ്പിൽ ഇന്റർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0484 2862441 എന്ന നമ്പറിൽ ബന്ധപ്പെടുക.

## വയോജന കമ്മീഷൻ സിറ്റിംഗ്

**കൊച്ചി:** വയോജന ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും വയോജന പുനരധിവാസം സാധ്യമാക്കുന്നതിനും കമ്മീഷന് ലഭിച്ച പരാതികളിൽ സിറ്റിംഗ് നടത്തുന്നതിനും വയോജനങ്ങളിൽ നിന്നും പരാതികൾ നേരിട്ട് സ്വീകരിക്കുന്നതിനും ആഗസ്റ്റ് നാലിന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ എറണാകുളം കളക്ടറേറ്റ് ഹാളിൽ വയോജന കമ്മീഷൻ സിറ്റിംഗ് നടത്തും. സിറ്റിംഗിൽ വയോജനങ്ങളുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും കമ്മീഷൻ നേരിട്ട് സ്വീകരിക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** വടവുകോട് ഐ സി ഡി എസ് പ്രോജക്ടിലെ ഐക്കരനാട് പഞ്ചായത്തിലെ 21 അങ്കണവാടികളിലെ പ്രീസ്കൂൾ ഗുണഭോക്താക്കൾക്ക് മുട്ട വിതരണം ചെയ്യുന്നതിലേക്കായി ക്വട്ടേഷനുകൾ ക്ഷണിച്ചു.ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി/സമയം: 2026 ആഗസ്റ്റ് നാല് പകൽ ഒരു മണി.ക്വട്ടേഷനുകൾ തുറക്കുന്ന തീയതി: 2026 ആഗസ്റ്റ് നാല് പകൽ മൂന്നു മണി. ക്വട്ടേഷനുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് വടവുകോട് ഐസിഡിഎസ് ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.ഫോൺ: 0484 2730320, ഇ മെയിൽ vadavucode155@gmail.com.



# അമൃത് നഗരം പദ്ധതിയിൽ കോട്ടയവും

**കോട്ടയം:** നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആധുനിക മുഖം നൽകുന്ന കേന്ദ്ര സർക്കാർ പദ്ധതി അമൃത് 2 ൽ കോട്ടയം നഗരവും. നഗരത്തിൻറെ എല്ലാം ഭാഗങ്ങളെയും ഉൾപ്പെടുത്തി സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. ഇതിനായി മാസ്റ്റർ പ്ലാൻ തയാറാക്കാനുള്ള തീരുമാനത്തിലാണ് നഗരസഭ. 50,000 ന് മുകളിൽ ജനങ്ങൾ താമസിക്കുന്ന നഗരങ്ങൾക്കാണ് അമൃത്പദ്ധതി സഹായം നൽകുന്നത്. അമൃത് 2 ൽ 39 നഗരങ്ങളാണുള്ളത്. നഗരസഭാ ചെയർമാൻ അധ്യക്ഷനും സെക്രട്ടറി, എൻജിനിയർ, നഗരവികസന പ്രാവീണ്യമുള്ള അംഗങ്ങളുൾപ്പെടെ പത്തംഗ കമ്മിറ്റി ഇതിനായുള്ള പ്ലാൻ തയാറാക്കാൻ രൂപീകരിക്കും. പദ്ധതിയിൽ ഉൾപ്പെടുന്ന നഗരങ്ങളിലെ കുടിവെള്ള വിതരണം, മലിനജല സംസ്കരണം, ഹരിത ഇടങ്ങളുടെ നിർമാണം, സുസ്ഥിര നഗരഗതാഗതം എന്നിങ്ങനെയുള്ള അടിസ്ഥാനസൗകര്യ മേഖലകളിലാകും പ്രധാനമായും വികസനം ലക്ഷ്യമിടുന്നത്. മൃഗ സംരക്ഷണം, വ്യവസായം, കായികവിനോദം, വാണിജ്യം എന്നിങ്ങനെ ജനക്ഷേമവുമായി ബന്ധപ്പെട്ടു നിൽക്കുന്ന മേഖലകളിലും ആധുനിക സൗകര്യങ്ങളും വികസനവും ഇതിന്റെ ഭാഗമായി നടപ്പാക്കും. ഇത്തരത്തിൽ നഗരങ്ങളുടെ മുഖച്ഛായ മാറ്റി ആധുനികതയും സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ സാമ്പത്തിക പിന്തുണയാണ് നൽകുന്നത്.

നഗരത്തിന്റെ സമഗ്ര വികസനത്തിനായി നഗരസഭയുടെ മാസ്റ്റർ പ്ലാൻ പുതുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡിപിആർ തയാറാക്കി നൽകുന്നതിനനുസരിച്ചാണ് അമൃത് പദ്ധതിയിലുൾപ്പെടുന്ന നഗരങ്ങൾക്ക് അർബൻ ചലഞ്ച് ഫണ്ടിലൂടെ സാമ്പത്തിക പിന്തുണ നൽകുന്നത്. പദ്ധതിയിലൂടെ തിരുനക്കര, കഞ്ഞിക്കുഴി, നെഹ്റു സ്റ്റേഡിയം തുടങ്ങിയ നഗരത്തിലെ പ്രധാന ഇടങ്ങളെല്ലാം നവീകരിച്ച് ആധുനിക മുഖം നൽകുമെന്ന് നഗരസഭാ ചെയർമാൻ എം.പി. സന്തോഷ് കുമാർ പറഞ്ഞു.

# രജത ജൂബിലി നിറവിൽ തൃശൂർ ജ്യോതി എൻജിനീയറിങ് കോളജ്

**തൃശൂർ:** രജത ജൂബിലി നിറവിൽ തൃശൂർ ജ്യോതി എൻജിനീയറിങ് കോളജ്. രജത ജൂബിലി വർഷത്തിന്റെയും 25ാമത് ബാച്ചിന്റെയും ഉദ്ഘാടനം തൃശൂർ അതിരൂപത ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. 25 വർഷമായി ജ്യോതി എൻജിനീയറിങ് കോളജ് സമൂഹത്തിന് നൽകിയ സംഭാവനകൾ വിലയിരുത്താനും, ഭാവി മുന്നോട്ടു നോക്കി ശക്തിയാർന്ന പദ്ധതികൾ ആവിഷ്ക്കരിക്കാനുമുള്ള അവസരമാണ് ജൂബിലി വർഷമെന്ന് ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് പറഞ്ഞു.

മാനേജർ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡേവിഡ് നെറ്റിക്കാടൻ, അക്കാദമിക് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ, പ്രിൻസിപ്പൽ ഡോ. പി. സോജൻ ലാൽ, വൈസ് പ്രിൻസിപ്പൽ പ്രഫ. പി. രത്തനൻ, ബിഎസ്എച്ച് മേധാവി രഞ്ചു ഫ്രാൻസിസ്, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പ്രസംഗിച്ചു.

## എം.ജി സർവകലാശാല

### സീറ്റൊഴിവ്

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ പ്രൊഫഷണൽ ബേക്കറി ആൻഡ് കൺഫെക്ഷനറി ആർട്സ്' കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ആറുമാസം ദൈർഘ്യമുള്ള കോഴ്സിൻറെ ഫീസ് 25,000 രൂപയാണ്. തൊഴിൽ സാധ്യതകളും സ്വയംതൊഴിൽ/സംരംഭകത്വ സാധ്യതകളും മുൻനിർത്തി പ്രായോഗിക പരിശീലനവും വ്യവസായധിഷ്ഠിത നൈപുണ്യ വികസനവും നൽകുന്ന രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്.കൂടുതൽ വിവരങ്ങൾക്ക് dasp.mgu.ac.in; ഫോൺ 04812733292, +91 8078786798

### പരീക്ഷാഫലം

നാലാം സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എംഎസ്.സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്റെറ്റിക്സ്, മാത്തമാറ്റിക്സ്, ബയോടെക്നോളജി, മൈക്രോബയോളജി, ബയോഇൻഫർമാറ്റിക്സ്, അപ്ലൈഡ് ഇലക്ട്രോണിക്സ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎ ഇക്കണോമിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎസ്.സി ഫിസിക്സ് (2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2017 അഡ്മിഷൻ മൂന്നാം മേഴ്സി ചാൻസ്, 2016 അഡ്മിഷൻ അവസാന സ്പെഷ്യൽ മേഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എംഎസ്.സി കമ്പ്യൂട്ടർ സയൻസ് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) മെയ് 2026 ന്റെ (ലാബ്2) പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 3, 6 തീയതികളിലായി നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ തീയതി

എട്ടാം സെമസ്റ്റർ ഐഎംസിഎ (2019 അഡ്മിഷൻ സപ്ലിമെൻററി, 2018 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) ജൂൺ 2026 പരീക്ഷകൾ ഓഗസ്റ്റ് 14 മുതൽ നടക്കും.




# ബഹിരാകാശ സാങ്കേതികവിദ്യ രാജ്യത്തിന്റെയും മനുഷ്യരാശിയുടെയും പുരോഗതിക്ക് വിനിയോഗിക്കണം: ഗവർണർ

**തിരുവനന്തപുരം:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ ബിരുദധാരികൾ നേടിയ അറിവും ഗവേഷണ മികവും രാജ്യത്തിന്റെയും സമൂഹത്തിന്റെയും പുരോഗതിക്കായി വിനിയോഗിക്കണമെന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. ഐ ഐ എസ് ടി വലിയമല ക്യാമ്പസിൽ നടന്ന 14-ാമത് ബിരുദദാന ചടങ്ങിൽ ബിരുദദാന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ബിരുദവും മെഡലുകളും സമ്മാനിക്കുന്നതിനേക്കാൾ, രാജ്യത്തിന്റെ ഭാവി നിർമിക്കുന്ന യുവപ്രതിഭകൾക്കൊപ്പമുള്ള ഈ നിമിഷമാണ് തനിക്ക് അഭിമാനകരമെന്ന് ഗവർണർ പറഞ്ഞു. മാതാപിതാക്കളുടെയും അധ്യാപകരുടെയും ത്യാഗവും സമർപ്പണവുമാണ് വിദ്യാർഥികളുടെ വിജയത്തിന് അടിത്തറയായത്. അതിനാൽ അവരോടുള്ള നന്ദിയും കടപ്പാടും ജീവിതകാലം മുഴുവൻ കാത്തു സൂക്ഷിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. ഐ ഐ എസ് ടി യിൽ നിന്ന് നേടിയ അറിവ് വ്യക്തിപരമായ നേട്ടങ്ങളിൽ ഒതുങ്ങരുത്. സമൂഹത്തിനും രാജ്യത്തിനും തിരികെ നൽകേണ്ട ഉത്തരവാദിത്വം ഓരോ ബിരുദധാരിക്കുമുണ്ട്. പുതിയ ദേശീയ വിദ്യാഭ്യാസ നയം തൊഴിൽ തേടുന്നവരെയല്ല, തൊഴിൽ സൃഷ്ടിക്കുന്നവരെയാണ് ലക്ഷ്യമിടുന്നത്. സ്റ്റാർട്ടപ്പുകൾ അതിലേക്കുള്ള പ്രധാന മാർഗമാണ്.

'ആകാശമാണ് അതിർത്തി' എന്ന പ്രയോഗം ഇനി പ്രസക്തമല്ലെന്നും ബഹിരാകാശം പോലും യുവശാസ്ത്രജ്ഞരുടെ സ്വപ്നങ്ങൾക്കും ഗവേഷണത്തിനും അതിരല്ല. വിക്രം സാരാഭായിയുടെ ദീർഘവീക്ഷണത്തിലൂടെ ആരംഭിച്ച ഇന്ത്യയുടെ ബഹിരാകാശ യാത്ര ഇന്ന് ലോകത്തിന് മാതൃകയായ നേട്ടങ്ങളിലേക്ക് വളർന്നു. ഇന്ത്യയുടെ ശാസ്ത്രസാങ്കേതിക രംഗത്തെ മുന്നേറ്റം രാജ്യത്തിന്റെ ആത്മവിശ്വാസം വർധിപ്പിച്ചിട്ടുണ്ടെന്നും വികസിത ഭാരതം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ യുവശാസ്ത്രജ്ഞരുടെ പങ്ക് നിർണായകമാണെന്നും ഗവർണർ പറഞ്ഞു.

2047ഓടെ വികസിത രാഷ്ട്രമാകാനുള്ള ഇന്ത്യയുടെ യാത്രയിൽ ഓരോ ബിരുദധാരിയും സ്വന്തം സംഭാവന എന്തായിരിക്കുമെന്ന് ഇന്നുതന്നെ തീരുമാനിക്കണം. മനുഷ്യത്വവും സാമൂഹിക പ്രതിബദ്ധതയും ചേർന്ന ഗവേഷണമാണ് സമൂഹത്തിന് ഗുണകരമാകുന്നത്. ലബോറട്ടറികളിൽ ഒതുങ്ങുന്ന അറിവിന് പകരം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്ന നവീകരണങ്ങളാണ് രാജ്യം പ്രതീക്ഷിക്കുന്നത്. ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും ലഭിച്ച അവസരം രാജ്യസേവനത്തിനായി വിനിയോഗിക്കാൻ ബിരുദധാരികൾ പ്രതിജ്ഞാബദ്ധരാകണമെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

ചടങ്ങിൽ വിദ്യാർഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ ഗവർണർ സമ്മാനിച്ചു. അക്കാദമിക് രംഗത്ത് മികവ് പുലർത്തിയ വിദ്യാർഥികൾക്കുള്ള മെഡലുകളും പുരസ്കാരങ്ങളും അദ്ദേഹം വിതരണം ചെയ്തു.

ഐ ഐ എസ് ടി ചാൻസലർ ഡോ. ബി എൻ സുരേഷ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിക്രം സാരാഭായി സ്പേസ് സെന്റർ ഡയറക്ടർ ഡോ. രാജീവ് യു പി വിശിഷ്ടാതിഥിയായി പങ്കെടുത്തു. ഐ ഐ എസ് ടി വൈസ് ചാൻസലർ പ്രൊഫ. ദീപാങ്കർ ബാനർജി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഐ എസ് ആർ ഒ ചെയർമാനും ഐ ഐ എസ് ടി ഗവേണിംഗ് ബോഡി പ്രസിഡന്റുമായ ഡോ. വി നാരായണൻ, ഐ ഐ എസ് ടി പ്രോ വൈസ് ചാൻസലർ ഡോ. കുരുവിള ജോസഫ്, എൽ പി എസ് സി ഡയറക്ടർ ഡോ. ജയൻ എൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# പി.ആർ.ഡി. ഫോട്ടോഗ്രാഫർ പാനലിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിനായി ഫോട്ടോ കവറേജ് നടത്തുന്നതിന് എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിലേക്ക് കരാർ ഫോട്ടോഗ്രാഫർമാരുടെ പാനൽ തയ്യാറാക്കുന്നു. അപേക്ഷകർക്ക് ഡിജിറ്റൽ എസ്.എൽ.ആർ/മിറർലെസ് കാമറകൾ ഉപയോഗിച്ച് ഹൈ റസലൂഷൻ ചിത്രങ്ങൾ എടുക്കാൻ കഴിയണം. ജില്ലയിൽ സ്ഥിരതാമസക്കാരായിരിക്കണം.

വൈഫൈ കാമറകൾ കൈവശമുള്ളവർക്കും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ കരാർ ഫോട്ടോഗ്രാഫറായും, പത്ര സ്ഥാപനങ്ങളിൽ ഫോട്ടോഗ്രാഫറായും സേവനം അനുഷ്ഠിച്ചവർക്കും, മുൻഗണന നൽകും. പേര്, വീട്ടുവിലാസം, ഏറ്റവും പുതിയ ഫോട്ടോ, ഫോൺ നമ്പർ, ഇമെയിൽ വിലാസം, കൈവശമുള്ള ഫോട്ടോഗ്രാഫി ഉപകരണങ്ങളുടെ വിവരം, പ്രവൃത്തിപരിചയം എന്നിവ വെള്ളക്കടലാസിൽ രേഖപ്പെടുത്തിയാണ് അപേക്ഷ തയ്യാറാക്കേണ്ടത്. അസൽ രേഖകളുടെയും ഉപകരണങ്ങളുടെയും പരിശോധന, പ്രായോഗികപരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. അപേക്ഷയും അനുബന്ധരേഖകളും തപാലിലോ ഓഫീസിൽ നേരിട്ടോ നൽകാം.

പ്രവൃത്തിപരിചയം ഉൾപ്പെടെ ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതമുള്ള അപേക്ഷ ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു റോഡ്, പിൻ682011 എന്ന വിലാസത്തിൽ ആഗ് ഗസ്റ്റ് അഞ്ചിന് വൈകിട്ട് അഞ്ചിനകം ലഭ്യമാക്കണം. ഫോട്ടോഗ്രാഫർ പാനലിലേക്ക് മുൻ അറിയിപ്പ് പ്രകാരം അപേക്ഷിച്ചവരും പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നിന്ന് ലഭിക്കും.

# ഹെപ്പറ്റൈറ്റിസ് വാക്സിനേഷൻ വ്യാപകമാക്കും: മന്ത്രി കെ മുരളീധരൻ

**തിരുവനന്തപുരം** ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് പോലുള്ള മാരകരോഗങ്ങൾ എത്രയും വേഗം കണ്ടെത്താനും വാക്സിനേഷൻ വ്യാപകമാക്കാനും നടപടിയെടുക്കുമെന്നു ആരോഗ്യദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന ലോക ഹെപ്പറ്റൈറ്റിസ് ദിന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം എത്രയും വേഗം പരിഹരിക്കും. കൂടാതെ പുതിയതായി മരുന്നുകൾ വാങ്ങുന്നതിനായി ആരോഗ്യ വകുപ്പിന് 500 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഐക്യത്തോടെ പ്രവർത്തിക്കുന്നവരാണ് നമ്മൾ എന്നതാണ് സംസ്ഥാനത്തിന്റെ നേട്ടം. തെറ്റിദ്ധാരണ ഉളവാക്കുന്ന വാർത്തകൾ പ്രചരിപ്പിക്കാതിരിക്കാതിരിക്കുകയും, ജീവനക്കാർ രോഗികളോട് നല്ല രീതിയിൽ പെരുമാറുകയും വേണം.

വി. മുരളീധരൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. ഹെപ്പറ്റൈറ്റിസ് പോലുള്ള രോഗങ്ങളുടെ പ്രതിരോധവും നിർമ്മാർജ്ജനവും സാധ്യമാണ്. ഇതിന് ബോധവത്കരണവും സാമൂഹികമായ മാറ്റവും അനിവാര്യമാണ്. കേവലം ഒരു ദിവസത്തെ ദിനാചരണത്തിലൊതുങ്ങാതെ ഓരോ വ്യക്തിയും ആരോഗ്യ പ്രവർത്തകനാകണം, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരിലേക്ക് സേവനങ്ങൾ എത്തിക്കണം എന്നും എംഎൽഎ പറഞ്ഞു.

ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി മുഖ്യപ്രഭാഷണം നടത്തി. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെ. പി. റീത്ത, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ചു രവീന്ദ്രൻ, സൂപ്രണ്ട് ഡോ. ജയചന്ദ്രൻ, അസിസ്റ്റന്റ് ഡയറക്ടർ ഡോ. എസ്. ഹരികുമാർ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അർനോൾഡ് ദീപക്, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ ഡോമി ജോൺ, ജില്ലാ ടി.ബി ഓഫീസർ ഡോ രഞ്ജി രാജൻ, സംസ്ഥാന എയിഡ്സ് നിയന്ത്രണ സമിതി ഡെപ്യൂട്ടി ഡയറക്ടർ ബാല മഞ്ചു തുടങ്ങിയവർ സംസാരിച്ചു. ബോധവത്ക്കരണ സെമിനാർ മെഡിക്കൽ കോളേജ് അഡിഷണൽ പ്രൊഫസർ ഡോ. എസ്. ശ്രീജയ നയിച്ചു.

പരിപാടിയുടെ ഭാഗമായി നടന്ന ഹെപ്പറ്റൈറ്റിസ്ബി പരിശോധനയിലും വാക്സി നേഷനിലും 100 ലധികം പേർ പങ്കെടുത്തു. രോഗസാധ്യത കൂടുതലുള്ള വിഭാഗങ്ങൾക്കായാണ് പരിശോധനയും വാക്സിനേഷനും നടത്തിയത്.

# ഇന്ത്യയിലെ ആദ്യ ഡേവൂ എക്സ്പീരിയൻസ് സ്റ്റോർ ഗാസിയാബാദിൽ



**ന്യൂദൽഹി:** ദക്ഷിണ കൊറിയൻ ഗൃഹോപകരണ ബ്രാൻഡായ ഡേവൂവിന്റെ ഇന്ത്യയിലെ ആദ്യ എക്സ്പീരിയൻസ് സ്റ്റോർ ഉത്തർപ്രദേശിലെ ഗാസിയാബാദിൽ ഇബിജി ഗ്രൂപ്പ് തുറന്നു. 3,200 ചതുരശ്ര അടി വിസ്തീർണമുള്ള ഷോറൂമിൽ റഫ്രിജറേറ്ററുകൾ, വാഷിംഗ് മെഷീനുകൾ, എയർ കണ്ടീഷണറുകൾ, ഡിഷ്വാഷറുകൾ, മൈക്രോവേവ് ഓവനുകൾ, ടെലിവിഷനുകൾ, മറ്റ് അടുക്കളഗൃഹോപകരണങ്ങൾ എന്നിവ ഒരേ കുടക്കീഴിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നടൻ മുരളി ശർമയാണ് സ്റ്റോർ ഉദ്ഘാടനം ചെയ്തത്.

ഡേവൂവിന്റെ ഇന്ത്യയിലെ വ്യാപനം ശക്തിപ്പെടുത്തുന്നതിനായി 150 കോടി രൂപ നിക്ഷേപിക്കുമെന്ന് ഇബിജി ഗ്രൂപ്പ് അറിയിച്ചു. 2027ഓടെ രാജ്യത്ത് 100 ഡേവൂ എക്സ്പീരിയൻസ് സ്റ്റോറുകൾ ആരംഭിക്കാനാണ് ലക്ഷ്യം. 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിക്ക് അനുസൃതമായി ഇറക്കുമതി ചെയ്യുന്ന ഘടകങ്ങൾ ഉപയോഗിച്ച് ഇന്ത്യയിൽ തന്നെ ഉൽപ്പന്നങ്ങൾ അസംബിൾ ചെയ്യുമെന്നും, ഭാവിയിൽ പ്രാദേശികവൽക്കരണം വർധിപ്പിക്കുമെന്നും കമ്പനി വ്യക്തമാക്കി. എഐ, ഐഒടി സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയ ഡേവൂ വൺ സ്മാർട്ട് ഹോം ഇക്കോസിസ്റ്റവും കമ്പനി അവതരിപ്പിക്കുമെന്ന് അറിയിച്ചു.




# സമുദ്രസുരക്ഷയ്ക്ക് കരുത്തേകി മച്ചിലിപട്ടണം; കൊച്ചിൻ ഷിപ്പ്യാർഡ് ആന്റി സബ്മറൈൻ യുദ്ധക്കപ്പൽ നീറ്റിലിറക്കി

**കൊച്ചി:** രാജ്യത്തിന്റെ സമുദ്രസുരക്ഷ കൂടുതൽ ശക്തിപ്പെടുത്തുന്ന സുപ്രധാന നേട്ടമായി, കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് ഇന്ത്യൻ നാവികസേനയ്ക്കായി നിർമിച്ച ഏഴാമത് ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് മച്ചിലിപട്ടണം വിജയകരമായി നീറ്റിലിറക്കി.

കൊച്ചിൻ ഷിപ്പ്യാർഡിൽ നടന്ന ചടങ്ങിൽ നാവികസേന വൈസ് അഡ്മിറൽ അതുൽ ആനന്ദിന്റെ പത്നി ഗൂൽരുഖ് ആനന്ദ് കപ്പലിന്റെ ലോഞ്ചിങ് നിർവഹിച്ചു. വൈസ് അഡ്മിറൽ അതുൽ ആനന്ദ് മുഖ്യാതിഥിയായി ചടങ്ങിൽ പങ്കെടുത്തു.

ഇന്ത്യൻ നാവികസേനയ്ക്കായി കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിക്കുന്ന എട്ട് ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റുകളിൽ ഏഴാമത്തേതാണ് മച്ചിലിപട്ടണം. പൂർണമായും തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ച് രൂപകൽപ്പന ചെയ്ത് നിർമ്മിച്ച ഈ യുദ്ധക്കപ്പൽ രാജ്യത്തിന്റെ പ്രതിരോധമേഖലയിലെ ആത്മനിർഭർ ഭാരത് ദൗത്യത്തിന്റെ മറ്റൊരു സുപ്രധാന നേട്ടമാണ്.

78 മീറ്റർ നീളവും ഏകദേശം 900 ടൺ ഭാരവുമുള്ള കപ്പലിന് മണിക്കൂറിൽ 25 നോട്ടിക്കൽ മൈൽ വരെ വേഗത്തിൽ സഞ്ചരിക്കാനാകും. പരമാവധി 1,800 നോട്ടിക്കൽ മൈൽ ദൂരം സഞ്ചരിക്കാൻ ശേഷിയുള്ള കപ്പലിൽ സമുദ്രാന്തർ ഭാഗത്തെ നിരീക്ഷണത്തിനും അന്തർവാഹിനികളെ കണ്ടെത്തുന്നതിനുമായി അത്യാധുനിക സോണാർ സംവിധാനങ്ങളും മറ്റ് നൂതന സാങ്കേതിക സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

ആന്ധ്രാപ്രദേശിലെ കൃഷ്ണ ജില്ലയിലുള്ള ചരിത്രപ്രസിദ്ധമായ തുറമുഖ നഗരമായ മച്ചിലിപട്ടണത്തിന്റെ സ്മരണാർത്ഥമാണ് കപ്പലിന് 'മച്ചിലിപട്ടണം' എന്ന പേര് നൽകിയിരിക്കുന്നത്. ചടങ്ങിൽ കൊച്ചിൻ ഷിപ്പ്യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോസ് വി. ജെ., ഡയറക്ടർമാരായ ഡോ. ഹരികൃഷ്ണൻ എസ്. (ഓപ്പറേഷൻസ്), രാജേഷ് ഗോപാലകൃഷ്ണൻ (ടെക്നിക്കൽ), റിയർ അഡ്മിറൽ ദീപക് സിംഗാൾ വി.എസ്.എം., സി.എസ്.ഒ., ചീഫ് വിജിലൻസ് ഓഫീസർ ഡോ. സി. പാണ്ടി സെൽവ ദുരൈ, കപ്പൽ നിർമാണത്തിന് മേൽനോട്ടം വഹിച്ച അനൂപ് മേനോൻ, ദക്ഷിണ നാവികസേനയിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.നേരത്തെ ഐഎൻഎസ് മാഹി, ഐഎൻഎസ് മാൽവൻ, ഐഎൻഎസ് മാംഗ്രോൾ, ഐഎൻഎസ് മാൽപേ, ഐഎൻഎസ് മുൾക്കി, ഐഎൻഎസ് മഗ്ദല എന്നീ ആറ് ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റുകൾ വിജയകരമായി നീറ്റിലിറക്കിയിരുന്നു.

ഇന്ത്യൻ നാവികസേനയുടെയും കൊച്ചിൻ ഷിപ്പ്യാർഡിന്റെയും സഹകരണത്തിലൂടെ നിർമ്മിച്ചുവരുന്ന ഈ ശ്രേണിയിലെ യുദ്ധക്കപ്പലുകൾ സമുദ്രാതിർത്തി സുരക്ഷ ശക്തിപ്പെടുത്തുന്നതിനും സമുദ്രാന്തർ ഭീഷണികളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും നിർണായക പങ്കുവഹിക്കും. ഉയർന്ന നിലവാരവും സമയബന്ധിതമായ നിർമാണ മികവും കൈവരിച്ചുകൊണ്ട് പ്രതിരോധ കപ്പൽനിർമാണ രംഗത്തെ ഇന്ത്യയുടെ ആത്മവിശ്വാസം കൂടുതൽ ശക്തിപ്പെടുത്തുകയാണ് കൊച്ചിൻ ഷിപ്പ്യാർഡ്.



# രാജ്ഭാഷ ഷീൽഡ് പദ്ധതിയിൽ കൊച്ചിൻ പോർട്ട് അതോറിറ്റിക്ക് രണ്ടാം സ്ഥാനം

**വില്ലിംഗ്ടൺ ഐലൻഡ്:** ഔദ്യോഗിക ഭാഷാ നയം മികച്ച രീതിയിൽ നടപ്പിലാക്കിയതിനുള്ള 2024-25 വർഷത്തെ 'രാജ്ഭാഷ ഷീൽഡ്' (ഔദ്യോഗികഭാഷ ഷീൽഡ്) പദ്ധതിയിൽ 'സി' (ഇ) വിഭാഗത്തിൽ കൊച്ചിൻ പോർട്ട് അതോറിറ്റിക്ക് രണ്ടാം സ്ഥാനം. ഡൽഹിയിൽ നടന്ന കേന്ദ്ര തുറമുഖ, ഷിപ്പിംഗ് മന്ത്രാലയത്തിന്റെ ഹിന്ദി ഉപദേശക സമിതി യോഗത്തിൽ, കേന്ദ്ര തുറമുഖ ഷിപ്പിങ് മന്ത്രി സർബാനന്ദ സോനോവാൾ പുരസ്കാരം സമ്മാനിച്ചു. കൊച്ചിൻ പോർട്ട് അതോറിറ്റി ഡെപ്യൂട്ടി ചെയർപേഴ്സൺ സതീഷ് ഹൊന്നക്കട്ടെ പുരസ്കാരം ഏറ്റുവാങ്ങി. സെക്രട്ടറി ജോയ്ദീപ് ഘോഷ് ദസ്തിദാർ, ഹിന്ദി പരിഭാഷക നാസിദ ഖാൻ എസ് എന്നിവർ പങ്കെടുത്തു.

ഭരണപരവും ഔദ്യോഗികവുമായ ജോലികളിൽ ഭാഷാ നയം ഫലപ്രദമായി നടപ്പാക്കിയതിനും ഹിന്ദി ഭാഷ പരിപോഷിപ്പിക്കുന്നതിന് കൊച്ചിൻപോർട്ട് കൈക്കൊണ്ട നടപടികളുമാണ് പുരസ്കാരത്തിന് അർഹമാക്കിയത്.

കേന്ദ്ര തുറമുഖ ഷിപ്പിങ് മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഹിന്ദി ഭാഷ പ്രോത്സാഹിപ്പിക്കുകയും ഭാഷാനയം നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുമാണ് ഹിന്ദി ഉപദേശക സമിതിയുടെ ചുമതല.



# പുതിയ 'യെസ്ഡി' റേഞ്ചുമായി ജാവയെസ്ഡി

**കൊച്ചി :** ജാവയെസ്ഡി മോട്ടോർസൈക്കിൾസ് പുതിയ യെസ്ഡി റേഞ്ച് കേരളത്തിൽ അവതരിപ്പിച്ചു. യെല്ലോ ഫാൽക്കൺ അഡ്വഞ്ചർ, ഗ്രീൻ മാംബ റോഡ്സ്റ്റർ, ഗ്രേ പാന്തർ സ്ക്രാംബ്ലർ എന്നീ മൂന്ന് പുതിയ മോഡലുകളാണ് കമ്പനി അവതരിപ്പിച്ചത്. അഡ്വഞ്ചർ മോഡലിൽ ആദ്യമായി ട്യൂബ്ലെസ് ക്രോസ്സ്പോക്ക് വീലുകളും പുതിയ നിറഭേദങ്ങളും ഉൾപ്പെടുത്തിയാണ് പുതിയ റേഞ്ച് അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിൽ നിലവിൽ 20ലേറെ ടച്ച് പോയിന്റുകൾ ആരംഭിച്ച കമ്പനി 2028 എത്തുമ്പോൾ ടച്ച് പോയിന്റുകളുടെ എണ്ണം രാജ്യത്താകെ 700 എണ്ണം ആക്കുമെന്ന് കമ്പനി പറഞ്ഞു.

യെല്ലോ ഫാൽക്കൺ അഡ്വഞ്ചറിന് 2,13,969 മുതൽ 2,33,969 വരെയും, ഗ്രീൻ മാംബ റോഡ്സ്റ്ററിനും ഗ്രേ പാന്തർ സ്ക്രാംബ്ലറിനും 2,06,969 എന്നിങ്ങനെയാണ് കേരളത്തിലെ പ്രഖ്യാപിച്ച എക്സ്ഷോറൂം വില. റൈഡർമാരുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തി കേരളത്തിൽ ഈ വിഭാഗത്തിലെ ഒന്നാം നമ്പർ ബ്രാൻഡാകുമെന്ന ആത്മവിശ്വാസം തങ്ങൾക്കുണ്ടെന്ന് ക്ലാസിക് ലെജൻഡ്സ് സഹസ്ഥാപകൻ അനുപം തരേജ പറഞ്ഞു. പുതിയ മോഡലുകളുടെ ബുക്കിംഗ് രാജ്യവ്യാപകമായി ആരംഭിച്ചതായും കമ്പനി അറിയിച്ചു




## വ്യാപാരികൾക്കായി ഏകീകൃത പേയ്മെന്റ് കൊമേഴ്സ് പ്ലാറ്റ്ഫോം 'അഡാപ്റ്റിസ്' അവതരിപ്പിച്ച് എൻടിടി ഡാറ്റ പേയ്മെന്റ് സർവീസസ്

**മുംബൈ:** രാജ്യത്തെ വ്യാപാരികൾക്കും എംഎസ്എംഇകൾക്കും വൻകിട സ്ഥാപനങ്ങൾക്കും പേയ്മെന്റും കൊമേഴ്സ് സേവനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിനായി എൻടിടി ഡാറ്റ പേയ്മെന്റ് സർവീസസ് ഇന്ത്യ 'അഡാപ്റ്റിസ്' എന്ന പുതിയ ഏകീകൃത സേവന ബ്രാൻഡ് അവതരിപ്പിച്ചു. പേയ്മെന്റ് സ്വീകാര്യത, വ്യാപാരി സേവനങ്ങൾ, മൂല്യവർധിത സേവനങ്ങൾ, കൊമേഴ്സ് സൊല്യൂഷനുകൾ എന്നിവയെ ഒരൊറ്റ ബ്രാൻഡിന് കീഴിൽ കൊണ്ടുവരുന്നതാണ് പുതിയ സംരംഭം.

ഓൺലൈൻ, ഓഫ്ലൈൻ വിൽപ്പന ചാനലുകളിലുടനീളം തടസ്സരഹിതമായ പേയ്മെന്റുകൾ സ്വീകരിക്കാനും വ്യാപാര പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിയന്ത്രിക്കാനും ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്താനും അഡാപ്റ്റിസ് സഹായിക്കുമെന്ന് കമ്പനി അറിയിച്ചു. അഡാപ്റ്റിസ് ഇൻസ്റ്റോർ, അഡാപ്റ്റിസ് ഇകൊമേഴ്സ്, അഡാപ്റ്റിസ് എന്റർപ്രൈസ്, അഡാപ്റ്റിസ് വിഎഎസ് (മൂല്യവർദ്ധിത സേവനങ്ങൾ) എന്നീ നാല് പ്രധാന സേവനവിഭാഗങ്ങളിലൂടെയാണ് ഇന്ത്യയിൽ സേവനങ്ങൾ ലഭ്യമാക്കുക.

ഇന്ത്യയിലെ പേയ്മെന്റ് രംഗത്ത് രണ്ട് പതിറ്റാണ്ടിന്റെ അനുഭവപരിചയമുള്ള എൻടിടി ഡാറ്റ പേയ്മെന്റ് സർവീസസ്, പ്രതിവർഷം 10 കോടിയിലധികം ഇടപാടുകൾ പ്രോസസ് ചെയ്യുകയും ലക്ഷക്കണക്കിന് വ്യാപാരികൾക്ക് സേവനം നൽകുകയും ചെയ്യുന്നുവെന്ന് കമ്പനി അറിയിച്ചു.

## കേരളത്തിൽ എംഡിആർടി യോഗ്യത നേടിയ 15 ഏജൻറുമാരുമായി ടാറ്റ എഐഎ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് കേരളത്തിൽ മില്യൺ ഡോളർ റൗണ്ട് ടേബിൾ (എംഡിആർടി) യോഗ്യത നേടിയ 15 ഉപദേശകരെ രജിസ്റ്റർ ചെയ്തു. തുടർച്ചയായ നാലാം വർഷവും ഇന്ത്യയിൽ ഒന്നാം സ്ഥാനവും ആഗോളതലത്തിൽ പതിമൂന്നാം സ്ഥാനവും കരസ്ഥമാക്കിയ കമ്പനിയുടെ രാജ്യത്തൊട്ടാകെയുള്ള എംഡിആർടി യോഗ്യതയുള്ള ഇൻഷുറൻസ് ഉപദേശകരുടെ എണ്ണം 1,397 ആണ്.

ലൈഫ് ഇൻഷുറൻസ്, സാമ്പത്തിക സേവന രംഗത്തെ മികവിൻറെ ആഗോള മാനദണ്ഡമായാണ് മില്യൺ ഡോളർ റൗണ്ട് ടേബിൾ അഥവാ എംഡിആർടി പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. മികച്ച പ്രൊഫഷണൽ അറിവ്, ധാർമ്മികമായ ഇടപെടൽ, ഉയർന്ന ഉൽപ്പാദനക്ഷമത, മികച്ച ഉപഭോക്തൃ സേവനം എന്നിവയാണ് എംഡിആർടി യോഗ്യതയുള്ള ഉപദേശകരുടെ പ്രത്യേകതകൾ. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ കൃത്യമായി വിലയിരുത്തി മികച്ച സാമ്പത്തിക തീരുമാനങ്ങൾ എടുക്കാൻ അവരെ സഹായിക്കുവാൻ ഇവർക്ക് കഴിയും.

തുടർച്ചയായി നാല് വർഷമായി ഇന്ത്യയിൽ എംഡിആർടി യോഗ്യത നേടുന്നവരുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്ത് തുടരാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് ടാറ്റാ എഐഎ ലൈഫ് ഇൻഷുറൻസ് പ്രൊപ്രൈറ്ററി ബിസിനസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ രാകേഷ് ശർമ്മ പറഞ്ഞു. ഉപദേശകരുടെ സേവന നിലവാരവും അർപ്പണബോധവും സ്ഥിരതയുമാണ് ഈ അംഗീകാരം പ്രതിഫലിപ്പിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയിലുടനീളമുള്ള ആളുകൾക്ക് വിശ്വാസയോഗ്യവും ആവശ്യാനുസൃതവുമായ സാമ്പത്തിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് പൂർണ്ണ സമയവും സമർപ്പിക്കപ്പെട്ട, ഭാവിക്ക് അനുയോജ്യമായ ഒരു ഉപദേശക സമൂഹത്തെ വികസിപ്പിക്കുന്നത് തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




## പിട്ടാപ്പിള്ളിൽ ഏജൻസീസ് ഉപഭോക്താക്കൾക്ക് വമ്പൻ ഓണം ഓഫറുകൾ പ്രഖ്യാപിച്ചു

കൊച്ചി : ഗൃഹോപകരണ വിതരണ രംഗത്തെ സംസ്ഥാനത്തെ മുൻനിര സ്ഥാപനമായ പിട്ടാപ്പിള്ളിൽ ഏജൻസീസ് ഉപഭോക്താക്കൾക്ക് വമ്പൻ ഓണം ഓഫറുകൾ പ്രഖ്യാപിച്ചു. കൊച്ചി റിനൈ ഹോട്ടലിൽ നടത്തിയ ചടങ്ങിൽ 'വമ്പൻ ഓണം കൊമ്പൻ ഓഫർ' എന്ന് നാമകരണം നടത്തിയിരിക്കുന്ന ഓണം ഓഫറിന്റെ ലോഗോ പ്രകാശനം പത്മഭൂഷൺ ഡോ.ജോസ് ചാക്കോ പെരിയപ്പുറം നിർവ്വഹിച്ചു.

പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ, സി.ഇ.ഒ. കിരൺ വർഗ്ഗീസ്, ഡയറക്ടർമാരായ സിസിലി പോൾ, ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, മരിയ പോൾ, ഡോ. അലക്സ് പോൾ, അജോ തോമസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഏറ്റവും കുറഞ്ഞത് ആയിരം രൂപ മൂല്യമുള്ള അയ്യായിരത്തിലധികം സമ്മാനങ്ങളാണ് പ്രഖ്യാപിച്ചത്. 5 ഹീറോമെവറിക് 440 ബൈക്കുകൾ, 5 ലേഡീസ് ഇലക്ട്രിക് സ്കൂട്ടറുകൾ, എയർ കണ്ടീഷണറുകൾ, എൽഇഡി ടി.വികൾ, ഫ്രിഡ്ജുകൾ, വാഷിംഗ് മെഷീനുകൾ, മൊബൈൽ ഫോണുകൾ, കിച്ചൻ അപ്ലയൻസുകൾ,സ്വർണ വെള്ളി നാണയങ്ങൾ തുടങ്ങിയവയാണ് സമ്മാനങ്ങൾ.

പിട്ടാപ്പിള്ളിൽ ഷോറൂമുകളിൽ നിന്ന് ഏത് ഉൽപ്പന്നം വാങ്ങുന്നവർക്കും ഈ സ്കീമുകളിൽ പങ്കെടുക്കാമെന്നും, ക്യു.ആർ കോഡ് സ്കാൻ ചെയ്ത് ഇൻവോയ്സ് വിവരങ്ങൾ നൽകി വളരെ എളുപ്പത്തിൽ രജിസ്റ്റർ ചെയ്യാമെന്നും മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ പറഞ്ഞു. കേരള ഭാഗ്യക്കുറി മാതൃകയിലുള്ള ഓൺലൈൻ ഡിജിറ്റൽ നറുക്കെടുപ്പാണ് നടത്തുകയെന്നും അദ്ദേഹം പറഞ്ഞു.

എസ്.ബി.ഐ ക്രഡിറ്റ് കാർഡ് വഴിയുള്ള ഇടപാടുകൾക്ക് പതിനായിരം രൂപവരെ ഇൻസ്റ്റന്റ് കിഴിവ്, നോ കോസ്റ്റ് ഇഎംഐ, ഫിക്സഡ് ഇഎംഐ, ദീർഘകാലാവധി, ട്രിപ്പിൾ സീറോ, ഒന്ന് അല്ലെങ്കിൽ രണ്ട് ഇഎംഐ ഓഫ് തടുങ്ങിയ വിവിധ ആകർഷ പദ്ധതികൾക്ക് പുറമെ 21000 രൂപ വരെ ക്യാഷ്ബാക്ക്, എന്തും എന്തിനോടും എക്സ്ചേഞ്ച് എന്നിങ്ങനെ മികച്ച ഓഫറുകളാണ് ഇക്കുറി പ്രഖ്യാപിച്ചത്. 7,000 രൂപ മുതൽ 20,000 രൂപ വരെ വിലയുള്ള അടുക്കള ഉപകരണങ്ങളും മറ്റ് ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തി ബണ്ടിൽ ഓഫറുകളിൽ തവണകളായി വാങ്ങാനുള്ള പ്രത്യേക സ്കീം.ഒരു രൂപ പോലും മുൻകൂർ ചെലവിടാതെ മൊബൈൽ ഫോണുകൾ വാങ്ങാം, മൊബൈൽ ഫോണുകൾക്ക് സ്പെഷ്യൽ ഡിസ്കൗണ്ട് ഫ്രീ ഗിഫ്റ്റ്, പ്രമുഖ ബ്രാൻഡുകളുടെ സ്മാർട്ട്ഫോണുകൾക്ക് സീറോ ഡൗൺ പേയ്മെന്റിലുള്ള ഫിനാൻസ് പദ്ധതികൾ.

പിട്ടാപ്പിള്ളിൽ വികെയർ പ്രോഗ്രാം വഴി ഉൽപ്പന്നങ്ങൾക്ക് അധിക വാറന്റി സൗകര്യം. പ്രമുഖ ബ്രാൻഡുകളുടെ പ്രത്യേക ഓണം ഓഫറുകൾ എല്ലാം ലഭ്യമാക്കുന്ന സമഗ്ര സമ്മാന പദ്ധതികളാണ് 'വമ്പൻ ഓണം കൊമ്പൻ ഓഫർ' പദ്ധതികളിലൂടെ ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. 1990 തുടക്കമിട്ട ഗ്രൂപ്പിന് കേരളത്തിലെ 73 നഗരങ്ങളിലായി 87 ഷോറൂമുകളുണ്ട്. ഓണം ഓഫർ എല്ലാ ഷോറൂമുകളിലും ലഭ്യമാണ്. ചടങ്ങിൽ ഫിഫ വേൾഡ് കപ്പിനോടനുബന്ധിച്ച് ജീവനക്കാർക്കായി സംഘടിപ്പിച്ച മത്സരത്തിലെ വിജയികൾക്ക് യഥാക്രമം 1.50 ലക്ഷം ,ഒരു ലക്ഷം, അമ്പതിനായിരം എന്നിങ്ങനെ സമ്മാനങ്ങളും, ബെസ്റ്റ് പ്ലെയർ പുരസ്കാരം ഇരുപതിനായിരം രൂപയും, മറ്റ് വിഭാഗങ്ങളിൽ പതിനായിരം രൂപയുടെയും

സമ്മാനങ്ങൾ വിതരണം ചെയ്തു. www.pittappillilonline.com എന്ന വെബ്സൈറ്റുവഴി ഓൺലൈൻ ഷോപ്പിംഗ് നടത്താം. കൂടുതൽ വിവരങ്ങൾക്ക്: 7034088999




## രാജ്യത്തെ മികച്ച തൊഴിലിടങ്ങളിൽ എട്ടാം സ്ഥാനത്ത് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** രാജ്യത്തെ പ്രമുഖ സ്മോൾ ഫിനാൻസ് ബാങ്കുകളിൽ ഒന്നായ ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് 'ഗ്രേറ്റ് പ്ലേസ് ടു വർക്ക്' ഇന്ത്യയുടെ 2026ലെ മികച്ച 100 കമ്പനികളുടെ പട്ടികയിൽ എട്ടാം സ്ഥാനം സ്വന്തമാക്കി. ഈ നേട്ടത്തിന് പുറമെ 2026 ബിഎഫ്എസ്ഐ മേഖലയിലെ രാജ്യത്തെ മികച്ച 25 തൊഴിലിടങ്ങളുടെ പട്ടികയിലും 2026 ഹെൽത്ത് ആൻഡ് വെൽനസ് മേഖലയിലെ മികച്ച 10 തൊഴിലിടങ്ങളുടെ പട്ടികയിലും ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ഇടം നേടി. ജീവനക്കാർക്ക് മികച്ച രീതിയിൽ വളരാനും പ്രവർത്തിക്കാനുമുള്ള സാഹചര്യം ഒരുക്കുന്നതിൽ ബാങ്കിനുള്ള പ്രതിജ്ഞാബദ്ധതയാണ് ഈ അംഗീകാരങ്ങൾ വ്യക്തമാക്കുന്നത്. ബാങ്ക് തുടർച്ചയായി 16ാം വർഷമാണ് 'ഗ്രേറ്റ് പ്ലേസ് ടു വർക്ക്' അംഗീകാരം നേടുന്നത്. 2009 മുതൽ 2016 വരെ യുഎഫ്എസ്എൽ ആയും 2017 മുതൽ 2026 വരെ ഉജ്ജീവൻ എസ്എഫ്ബി ആയുമാണ് ഈ നേട്ടം നിലനിർത്തിയത്.

ഡിജിറ്റൽ ലീഡർഷിപ്പ് പരിശീലനങ്ങളിലൂടെ ജീവനക്കാരുടെ പ്രൊഫഷണൽ മുന്നേറ്റത്തിനായി പ്രത്യേക ശ്രദ്ധയാണ് ബാങ്ക് നൽകുന്നത്. ഇതിന്റെ ഭാഗമായി ഓരോ ജീവനക്കാരനും 48 മണിക്കൂറിലധികം സമയം പഠനത്തിനായി നൽകുന്നുണ്ട്. ബാങ്കിന്റെ ഡിജിറ്റൽ ലേണിംഗ് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നവരുടെ എണ്ണം 99 ശതമാനത്തിലെത്തുകയും ചെയ്തു.

ബോർഡിൽ 56 ശതമാനം വനിതാ പ്രാതിനിധ്യവും ഉയർന്ന മാനേജ്മെന്റിൽ 20 ശതമാനം വനിതാ പ്രാതിനിധ്യവും ഉറപ്പാക്കിക്കൊണ്ട് എല്ലാവരെയും ഉൾക്കൊള്ളുന്ന തൊഴിലിടമാണ് ബാങ്ക് ഒരുക്കുന്നത്. 26,500ലധികം ജീവനക്കാരെയും അവരുടെ കുടുംബങ്ങളെയും ഉൾപ്പെടുത്തി സമഗ്രമായ ആരോഗ്യ സുരക്ഷാ പദ്ധതികളും മാനസിക ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളും ബാങ്ക് നടപ്പിലാക്കുന്നുണ്ട്.




# പുതിയ ഹൈലെക്സ് ഇന്ത്യയിൽ അവതരിപ്പിച്ച് ടൊയോട്ട

**കൊച്ചി:** ടൊയോട്ടയുടെ ലൈഫ് സ്റ്റൈൽ പിക്കപ്പ് മോഡലായ ഹൈലെക്സിന്റെ പുതിയ മോഡൽ ഇന്ത്യയിൽ അവതരിപ്പിച്ചു. എക്സ്റ്റീരിയറിലും ഇന്റീരിയറിലും വരുത്തിയിട്ടുള്ള രൂപമാറ്റത്തിനൊപ്പം സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഫീച്ചറുകൾ ഉൾപ്പെടുത്തി ഇറക്കിയ വാഹനത്തിന്റെ എക്സ്ഷോറൂം വില ആരംഭിക്കുന്നത് 31.99 ലക്ഷം രൂപയിലാണ്. 36.69 ലക്ഷം രൂപയാണ് ഉയർന്ന വകഭേദത്തിന്റെ വില. ഏത 4x2 ഓട്ടോമാറ്റിക്, എന്നിവയാണ് ഹൈലെക്സിന്റെ വേരിയന്റുകൾ. ഈ വാഹനങ്ങൾക്ക് യഥാക്രമം 31.99 ലക്ഷം രൂപ, 33.69 ലക്ഷം രൂപ, 36.69 ലക്ഷം രൂപ എന്നിങ്ങനെയാണ് എക്സ്ഷോറൂം വില വരുന്നത്. പ്രീമിയം എസ്യുവികളിൽ നൽകുന്ന ഫീച്ചറുകളാണ് ഹൈലെക്സിൽ നൽകിയിട്ടുള്ളത്.

12.3 ഇഞ്ച് വലിപ്പമുള്ള ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, ഏഴ് ഇഞ്ച് വലിപ്പത്തിൽ തീർത്തിരിക്കുന്ന ഇൻസ്ട്രുമെന്റ് ക്ലെസ്റ്റർ, പുതിയ ത്രീ സ്പോക്ക് സ്റ്റിയറിങ് വീൽ, വയർലെസ് ചാർജർ, ഡ്യുവൽ സോൺ ക്ലൈമറ്റ് കൺട്രോൾ, എട്ട് സ്പീക്കറുകൾ നൽകിയിട്ടുള്ള മ്യൂസിക് സിസ്റ്റം, 360 വ്യൂ ക്യാമറ എന്നിവയാണ് ഫീച്ചറുകൾ. 2.8 ലിറ്റർ നാല് സിലണ്ടർ ഡീസൽ എൻജിനോടൊപ്പം, 204 എച്ച്പി പവറും 500 എൻഎം ടോർക്കുമാണ് എൻജിൻ ഉത്പാദിപ്പിക്കുന്നത്.

മാനുവൽ ട്രാൻസ്മിഷൻ പൂർണമായും ഒഴിവാക്കി ആറ് സ്പീഡ് ടോർക്ക് കൺവേർട്ടർ ഓട്ടോമാറ്റിക്കാണ് ട്രാൻസ്മിഷനാണുള്ളത്. മുൻ മോഡലിനെ അപേക്ഷിച്ച് കൂടുതൽ ബോൾഡ് ആയിട്ടുള്ള ഡിസൈനാണ് പുതിയ ഹൈലെക്സിൽ വരുത്തിയിരിക്കുന്നത്.

ഹണി കോംമ്പ് ഡിസൈനിൽ ഒരുങ്ങിയിട്ടുള്ള ഗ്രില്ല്, ബ്ലാക്ക് സ്ട്രിപ്പിൽ ബന്ധിപ്പിച്ചിരിക്കുന്ന വീതി കുറഞ്ഞ എൽഇഡി ഹെഡ്ലാമ്പ്, മുന്നിൽ തന്നെ നൽകിയിട്ടുള്ള ഇൻഗ്ലാസ് ടൊയോട്ട ബാഡ്ജിങ്, മസ്കുലർ ബമ്പർ, സിൽവർ ഫിനീഷ് സ്കിഡ് പ്ലേറ്റ്, എൽഇഡി ഫോഗ്ലാമ്പ് തുടങ്ങിയവയാണ് വാഹനത്തിൽ വരുത്തിയിട്ടുള്ള മറ്റു പുതുമകൾ.

2026 ജൂലൈ 28 മുതൽ ബുക്കിംഗ് തുറന്ന ഈ വാഹനത്തിന്റെ ഡെലിവറി ഓഗസ്റ്റിന്റെ രണ്ടാം ആഴ്ച മുതൽ ഉപഭോക്താക്കൾക്ക് കൈമാറിത്തുടങ്ങുമെന്ന് കമ്പനി അറിയിച്ചു.

# ലവ് ഫ്രം ബെസ്റ്റി കാമ്പയിനുമായി ഡി ബിയേഴ്സ്

**കൊച്ചി:** ഫ്രണ്ട്ഷിപ്പ് ഡേയുടെ ഭാഗമായി ഡി ബിയേഴ്സ് ഇന്ത്യ 'ലവ് ഫ്രം ബെസ്റ്റി' എന്ന കാമ്പയിൻ അവതരിപ്പിച്ചു. ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന സൗഹൃദ ബന്ധങ്ങളെ ആദരിക്കുന്നതിന്റെ ഭാഗമായാണ് ഈ ആഘോഷം സംഘടിപ്പിക്കുന്നത്. ഉറ്റസുഹൃത്തുക്കൾക്ക് തങ്ങളുടെ സൗഹൃദ യാത്ര ആഘോഷമാക്കാനുള്ള അവസരമാണ് ഈ കാമ്പയിനലിലൂടെ ഡി ബിയേഴ്സ് ഒരുക്കുന്നത്.

ആഗസ്റ്റ് 1, 2 തീയതികളിൽ കൊച്ചി, മുംബൈ, ഡൽഹി, ബെംഗളൂരു, ചെന്നൈ, പുണെ, കാൺപൂർ, കോയമ്പത്തൂർ, നാഗ്പൂർ എന്നീ നഗരങ്ങളിലെ ഫോറെവർമാർക്ക് ഡയമണ്ട് ജ്വല്ലറികൾ ഉൾപ്പെടെയുള്ള 60 റീട്ടെയിൽ പാർട്ണർ സ്റ്റോറുകളിലാണ് ഇതിനായി സൗകര്യമൊരുക്കിയിട്ടുള്ളത്. ഉറ്റസുഹൃത്തുക്കൾക്ക് ഇവിടെ ഡി ബിയേഴ്സ് കളക്ഷനുകൾ നേരിട്ട് കാണാനും, ഇൻസ്റ്റോർ അനുഭവങ്ങളുടെ ഭാഗമാകാനും അവസരമുണ്ട്.

കൂട്ടുകാർക്ക് ജോഡികളായി ധരിക്കാൻ സാധിക്കുന്ന 'ബെസ്റ്റി ബ്രേസ്ലെറ്റ് കളക്ഷൻ' ആണ് ഡി ബിയേഴ്സിന്റെ ഈ കാമ്പയിനിലെ പ്രധാന ആകർഷണം. പ്രകൃതിദത്ത വജ്രങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച നാല് സവിശേഷ ഡിസൈനുകളിലാണ്



ഇവ എത്തുന്നത്. ബാഗെറ്റ്, റൗണ്ട് ഡയമണ്ടുകൾ ഉപയോഗിച്ച് മോഴ്സ് കോഡിൽ തയ്യാറാക്കിയ സിഗ്നേച്ചർ 'ബിഎഫ്എഫ് ' പാറ്റേണാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. കൂടാതെ രണ്ട് പേരുടെ ബ്രേസ്ലെറ്റുകൾ ചേർത്തുവെക്കുമ്പോൾ മാത്രം പൂർണ്ണമാകുന്ന ഇന്റർലോക്കിംഗ് ഡിസൈനുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപൂർവ്വമായ വജ്രങ്ങൾ പോലെ തന്നെയാണ് ചില യഥാർത്ഥ സൗഹൃദങ്ങളുമെന്ന ആശയമാണ് ഈ പുതിയ കളക്ഷനിലൂടെ ഡി ബിയേഴ്സ് മുന്നോട്ടുവെക്കുന്നത്.

അടുത്തുള്ള സ്റ്റോറുകളിൽ നടക്കുന്ന ഈ പ്രത്യേക പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് https://withlovefrombestie.netlify.app/ ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ഇന്ത്യ–ഇയു സ്വതന്ത്ര വ്യാപാര കരാർ: കൊച്ചിയിൽ സൗജന്യ ശില്പശാല ഇന്ന്

**കൊച്ചി:** ഇന്ത്യ യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിലൂടെ തുറക്കപ്പെടുന്ന പുതിയ വിപണി സാധ്യതകളെക്കുറിച്ച് വ്യവസായ മേഖലയ്ക്ക് ധാരണ നൽകുന്നതിനായി കൊച്ചിയിൽ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (ഫിക്കി) കേരള സ്റ്റേറ്റ് കൗൺസിൽ, കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ജോയിന്റ് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് കൊച്ചി, സെന്റർ ഫോർ ട്രേഡ് ആന്റ് ഇൻവെസ്റ്റ്മെന്റ് ലോ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ എ.യു സമോൾ ഫിനാൻസ് ബാങ്കിന്റെ പിന്തുണയോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഓഗസ്റ്റ് 1 ശനിയാഴ്ച രാവിലെ 10:00ന് പാലാരിവട്ടത്തുള്ള ഹോട്ടൽ റെനൈ കൊച്ചിയിലാണ് ശില്പശാല.

വിപണി പ്രവേശനം, റൂൾസ് ഓഫ് ഒറിജിൻ, താരിഫ് ഇളവുകൾ, ഇയു നിയന്ത്രണ മാനദണ്ഡങ്ങൾ, സുസ്ഥിരതാ മാനദണ്ഡങ്ങൾ, വിവിധ വ്യവസായ മേഖലകൾക്കുള്ള സവിശേഷ അവസരങ്ങൾ എന്നിവയെക്കുറിച്ച് ശില്പശാലയിലെ സാങ്കേതിക സെഷനുകളിൽ വിശദമായ ചർച്ച നടക്കും.

പങ്കാളിത്തം പൂർണ്ണമായും സൗജന്യമാണെങ്കിലും മുൻകൂട്ടിയുള്ള രജിസ്ട്രേഷൻ നിർബന്ധമാണ്. താല്പര്യമുള്ളവർക്ക് https://forms.gle/EMGWmxPu2z3fgo5J8 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് kesc@ficci.com എന്ന ഇമെയിൽ വഴിയോ +91 9746903555 എന്ന ഫോൺ നമ്പറിലോ ഫിക്കി കേരള സ്റ്റേറ്റ് കൗൺസിലുമായി ബന്ധപ്പെടാം.

## ഗൂഗിൾ പേ –എസ്ബിഐ കാർഡ് – കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു

**ന്യൂദൽഹി:** എസ്ബിഐ കാർഡും ഗൂഗിളും ചേർന്ന് 'ഗൂഗിൾ പേ ഫ്ലെക്സ് എസ്ബിഐ കാർഡ്' കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു. ഗൂഗിൾ പേ ആപ്പിലൂടെ തന്നെ കാർഡിന് അപേക്ഷിക്കാനും പേയ്മെന്റുകൾ നടത്താനും റിവാർഡുകൾ നേടാനും അക്കൗണ്ട് നിയന്ത്രിക്കാനുമുള്ള സൗകര്യമാണ് പുതിയ കാർഡിന്റെ പ്രധാന പ്രത്യേകത. കൂടാതെ, പ്രതിദിന ചെലവുകൾക്ക് റിവാർഡ് പോയിന്റുകൾ (സ്റ്റാർസ്) ലഭിക്കുന്നതും കുടിശ്ശിക എളുപ്പത്തിൽ ഇഎംഐയാക്കി മാറ്റാനാകുന്നതുമാണ് മറ്റ് സവിശേഷതകൾ.

റുപേ, വിസ എന്നീ രണ്ട് പേയ്മെന്റ് നെറ്റ്വർക്കുകളിലും കാർഡ് ലഭ്യമാകും. റുപേ പതിപ്പ് യുപിഐയുമായി ബന്ധിപ്പിക്കാനാകുന്നതിനാൽ രാജ്യത്തെ ലക്ഷക്കണക്കിന് യുപിഐ വ്യാപാര സ്ഥാപനങ്ങളിൽ ഉപയോഗിക്കാം. 499 രൂപയാണ് (നികുതി അധികം) ജോയിനിംഗ്, വാർഷിക പുതുക്കൽ ഫീസ്. ആദ്യ പേയ്മെന്റിന് സ്വാഗത ആനുകൂല്യവും വാർഷിക ചെലവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഇളവും ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ കാർഡുടമകൾക്ക് ലഭിക്കും.

## ഐസിഐസിഐ പ്രു ഐപ്രൊട്ടക്റ്റ് സ്മാർട്ട് പ്ലസ്:കുറഞ്ഞ പ്രീമിയത്തിൽ 10 വർഷത്തെ ലൈഫ് കവർ

**കൊച്ചി:** ഭവന വായ്പ, കുട്ടികളുടെ വിദ്യാഭ്യാസം, ബിസിനസ് വായ്പ തുടങ്ങിയ ഹ്രസ്വകാല സാമ്പത്തിക ബാധ്യതകളുള്ളവർക്കായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഐസിഐസിഐ പ്രു ഐപ്രൊട്ടക്റ്റ് സ്മാർട്ട് പ്ലസിൽ 10 വർഷത്തെ ലൈഫ് കവർ ഓപ്ഷൻ അവതരിപ്പിച്ചു.

ICICI PRUDENTIAL Trusted by over 25 crore Indians in 25 years

കുറഞ്ഞ പ്രീമിയത്തിൽ ഉയർന്ന ലൈഫ് കവർ ലഭ്യമാക്കുന്ന ഈ പ്ലാനിൽ 67,100 രൂപ വരെ മൂല്യമുള്ള കോംപ്ലിമെന്ററി ഹെൽത്ത് ആൻഡ് വെൽനസ് സേവനങ്ങൾ, മൂന്ന് ലക്ഷം രൂപ വരെ തൽക്ഷണ ക്ലെയിം പേഔട്ട്, രോഗനിർണയത്തിൽ 100% പേഔട്ട് എന്നിവ ലഭിക്കും.

കമ്പനിയുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം 99.3 ശതമാനമാണ്. 2027 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ശരാശരി ഒരു ദിവസത്തിനുള്ളിൽ ക്ലെയിമുകൾ തീർപ്പാക്കിയതായും കമ്പനി അറിയിച്ചു. 1,306 കോടി രൂപയുടെ ഡെത്ത് ക്ലെയിമുകളും 3,360 കോടി രൂപയുടെ മെച്ചൂരിറ്റി സർവൈവൽ ആനുകൂല്യങ്ങളും 2027 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ വിതരണം ചെയ്തു. 2026 സാമ്പത്തിക വർഷത്തിൽ 5,149 കോടി രൂപയുടെ ഡെത്ത് ക്ലെയിമുകളും 15,363 കോടി രൂപയുടെ മെച്ചൂരിറ്റി സർവൈവൽ ആനുകൂല്യങ്ങളും നൽകിയതായും കമ്പനി വ്യക്തമാക്കി.